# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം
2012 മാര്‍ച്ച് 20, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
[ആകെ ചോദ്യങ്ങള്‍-418]

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | | ചോദ്യ നമ്പര്‍ |
|---|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | 914 **മുതല്‍** 1060 **വരെ** |
| റവന്യൂ വകുപ്പുമന്ത്രി | : | 1061 **മുതല്‍** 1160 **വരെ** |
| മരാമത്ത് വകുപ്പുമന്ത്രി | : | 1161 **മുതല്‍** 1270 **വരെ** |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി | : | 1271 **മുതല്‍** 1331 **വരെ** |

2011-12 ബഡ്ജറ്റില്‍ വിദ്യാഭ്യാസ വകുപ്പില്‍ വിവിധ ഹെഡുകളിലായി വകയിരുത്തിയ തുക

914

ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2011-12 ബജറ്റില്‍ വിദ്യാഭ്യാസ വകുപ്പില്‍ വിവിധ ഹെഡുകളിലായി വകയിരുത്തിയ തുക എത്രയാണ്; വിശദമായ വിവരം ലഭ്യമാക്കുമോ; 29.02.2012 വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>പാഠപുസ്തക വിതരണം</u>

915 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുന്ന അദ്ധ്യയനവർഷത്തിലെ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(ബി) എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>പാഠപുസ്തകങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി</u>

916 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) നിലവിലുള്ള പാഠപുസ്തകങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ ;

(സി) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൊതു സമൂഹത്തിന്റെയും നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ പരിഗണിക്കുമോ ;

(ഡി) പാഠപുസ്തകങ്ങളുടെ ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>പനമ്പിള്ളി ഗോവിന്ദമേനോനെക്കുറിച്ച് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>

917 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതിയും പുസ്തകങ്ങളും തയ്യാറാക്കുന്നതിൽ എസ്.സി.ഇ.ആർ.ടി.യുടെ ഭാഗത്ത് നിന്നുള്ള തെറ്റായ പ്രവണത അവസാനിപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(ബി) വിപ്ലവകരമായ സമരങ്ങൾക്കും നിയമനിർമ്മാണങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ള പനമ്പിള്ളി ഗോവിന്ദമേനോന് പാഠ്യപദ്ധതികളിലൊന്നിലുംതന്നെ അർഹമായ പ്രാധാന്യം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>കരിക്കുലം കമ്മറ്റിയുടെ രൂപീകരണം</u>

918

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കരിക്കുലം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; കമ്മറ്റിയിൽ എത്ര അംഗങ്ങൾ ആണുള്ളത്; ഇവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കരിക്കുലം കമ്മറ്റിയിൽ നിന്നും ആരെങ്കിലും രാജിവെച്ചിട്ടുണ്ടോ; എങ്കിൽ ആരാണ്; രാജിവയ്ക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കരിക്കുലം കമ്മറ്റി പുന:സംഘടിപ്പിക്കുന്നതിന് മുൻപ് കമ്മറ്റിയിലെ അംഗങ്ങൾ എത്രയായിരുന്നു;

(ഡി) കരിക്കുലം കമ്മറ്റിയെ വർഗ്ഗീയവൽക്കരിച്ചതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>പാഠപുസ്തക വിതരണത്തിന് നടപടി</u>

919

ശ്രീ. പി. എ. മാധവൻ
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പാഠപുസ്തക വിതരണത്തിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അടുത്ത അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പാഠപുസ്തക വിതരണം എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(ഡി) ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സ്കൂൾ പാഠ്യ പദ്ധതി ചട്ടക്കൂട്</u>

920 ശ്രീ.ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂട് പരിശോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) എന്തെല്ലാം കാര്യങ്ങളാണ് പരിശോധനാവിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര നിലവാരത്തിലുള്ള പാഠ്യപദ്ധതി</u>

921 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനീവ ആസ്ഥാനമായുള്ള ഇന്റർനാഷണൽ ബാക്കലറേറ്റിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള പാഠ്യപദ്ധതി നടപ്പിലാക്കാനുള്ള സി. ബി. എസ്. ഇ. നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയ്ക്ക് മുൻഗണന നൽകുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

കായിക വിദ്യാഭ്യാസത്തോടൊപ്പം യോഗ, കൗൺസലിംഗ്

922 ശ്രീ. കെ. ശിവദാസൻ നായർ
'' വി.ഡി. സതീശൻ
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാഠ്യേതര പ്രവർത്തനമായി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസത്തോടൊപ്പം യോഗ, കൗൺസലിംഗ് എന്നിവ കൂടി ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഒരു സിലബസ് നിശ്ചയിച്ച് ദിവസവും ഒരു പീരീഡ് അനുവദിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>കരിക്കുലം കമ്മറ്റിയിൽ സംസ്കൃത അദ്ധ്യാപക പ്രാതിനിധ്യം</u>

923 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കരിക്കുലം കമ്മിറ്റിയിൽ സംസ്കൃത അദ്ധ്യാപകർക്ക് പ്രാതിനിധ്യമില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്കൃത അദ്ധ്യാപക പ്രതിനിധികളെക്കൂടി കരിക്കുലം കമ്മിറ്റിയിൽ ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനം</u>

924

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താത്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പി.എസ്.സി. വഴി അല്ലാത്ത ഏതെങ്കിലും നിലയിലുള്ള നിയമനം ഏതെങ്കിലും സ്ഥാപനത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ അവ ഏതെല്ലാം; ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം എത്ര കാലത്തേക്ക് നിയമിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം ഓരോ സ്ഥാപനത്തിലും നിയോഗിക്കപ്പെട്ടവരുടെ പേരും മേൽവിലാസവും തസ്തികകളുടെ എണ്ണവും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ട് ചെലവഴിക്കാത്തതിനു നടപടി</u>

925 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എസ്.എസ്.എ. ഫണ്ട് ചെലവഴിക്കാത്തതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഏതുതരത്തിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

എസ്.എസ്.എ. ഫണ്ട് വിനിയോഗം

926 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) അതിനായി ഏതെല്ലാം ഫണ്ടുകളാണ് ഉപയോഗിക്കുന്നത്; ഏതെല്ലാം സംവിധാനങ്ങൾ വഴിയാണ് പ്രസ്തുതഫണ്ട് ചെലവഴിക്കുന്നത്;

(സി) 2010-11 അദ്ധ്യയനവർഷത്തിൽ എത്ര രൂപയാണ് സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ പദ്ധതിയ്ക്കായി അനുവദിച്ചത്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) 2011-12 അദ്ധ്യയനവർഷത്തിൽ എത്ര രൂപയുടെ എസ്.എസ്.എ. ഫണ്ട് അനുവദിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു;

(ഇ) ചെലവഴിക്കാത്ത സംഖ്യ ഉണ്ടോ; എങ്കിൽ എത്ര; ചെലവഴിക്കാത്തതിനുള്ള കാരണം വിശദീകരിക്കുമോ;

(എഫ്) എസ്.എസ്.എ. ഫണ്ട് വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ജി) പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി ഫണ്ട് ചെലവഴിക്കുന്നതിന് ആവശ്യമായ മാനദണ്ഡം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

എസ്.എസ്.എ. പദ്ധതി നടത്തിപ്പ്

927

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതി പ്രകാരം എത്ര കോടി രൂപ 2011-12 സാമ്പത്തിക വർഷം അനുവദിച്ചു; ഇതിൽ എത്ര രൂപ ചെലവാക്കി; വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഇതിൽ എത്ര കോടി രൂപ വകയിരുത്തി; ഈ തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) എസ്.എസ്.എ. പ്രോജക്ട് ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവരുടെ യോഗ്യത എന്താണ്; നിലവിൽ പ്രസ്തുത തസ്തികയിൽ നിയമിച്ചവർക്ക് ഈ യോഗ്യത ഉണ്ടോ; ഇല്ലെങ്കിൽ ഇവരെ ഈ തസ്തികകളിൽ നിന്നും ഒഴിവാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എസ്.എസ്.എ. പദ്ധതിയിൽ നിന്നും എത്ര പേരെ ഒഴിവാക്കിയിട്ടുണ്ട്; ഇതിൽ കാലാവധി കഴിഞ്ഞവർ എത്ര; കാലാവധി കഴിയുംമുമ്പേ ഒഴിവാക്കിയവർ എത്ര;

(ഡി) എസ്.എസ്.എ. പദ്ധതിയിൽ ബി.പി.ഒ. മാരുടെ എത്ര ഒഴിവുണ്ട്; ഒഴിവ് നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഒഴിവുള്ളപ്പോൾ ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ;

(ഇ) ആവശ്യത്തിന് ട്രെയിനർമാർ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അദ്ധ്യാപക പരിശീലനം കാര്യക്ഷമമാക്കാൻ എന്ത് നടപടി സ്വീകരിക്കും ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

അദ്ധ്യാപകർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

928 ശ്രീ.ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ.ഫണ്ടിൽ തിരിമറി നടത്തിയ കേസിൽ സർക്കാർ അന്ധവിദ്യാലയത്തിലെ എത്ര ഹെഡ്മാസ്റ്റർമാർക്കെതിരെയാണ് വിജിലൻസ് അന്വേഷണം നടന്നുവരുന്നത് ;

(ബി) ഇത്തരത്തിൽ അന്വേഷണം നേരിടുന്ന ഹെഡ്മാസ്റ്റർമാരെ മാറ്റി നിർത്തി അന്വേഷണം നടത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാതിരിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കായുള്ള കേന്ദ്രവിഹിതം</u>

929 ശ്രീ. ജി. സുധാകരൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി പി. അയിഷാ പോറ്റി
,, കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാന് അടുത്തവർഷത്തേയ്ക്കുള്ള കേന്ദ്രവിഹിതത്തിൽ കുറവുവരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കുമോ;

(ബി) ഈ വർഷത്തെ ഫണ്ട് വിനിയോഗത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ; ഫണ്ട് പൂർണ്ണമായി വിനിയോഗിക്കപ്പെടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) തന്നാണ്ടിലേയ്ക്ക് അനുവദിച്ച തുകയും ചെലവായ തുകയും സംബന്ധിച്ചു വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രാഥമികവിദ്യാഭ്യാസമേഖലയുടെ നിലവാരം സംബന്ധിച്ചു പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ എസ്.എസ്.എ.യുടെ പ്രവർത്തനം</u>

930 ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എസ്.എസ്.എ.യുടെ പ്രവർത്തനത്തിനായി 2011-12 വർഷത്തേക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഇതുവരെ ഓരോ വിഭാഗത്തിലുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>അൺഎയിഡഡ് സ്കൂൾ ജീവനക്കാരുടെ സേവന-വേതനം</u>

931 ശ്രീ. എ. കെ. ബാലൻ
,, വി. ശിവൻകുട്ടി
,, എ. പ്രദീപ് കുമാർ
,, കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്കുളുകളിൽ പണിയെടുക്കുന്ന അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇത് നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പുതുതായി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) അൺഎയിഡഡ് സ്കൂളുകളെ സംബന്ധിച്ച പൂർണ്ണ സ്ഥിതി വിവരക്കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

ഇംഗ്ലീഷ് ഭാഷ പഠനം മെച്ചപ്പെടുത്താൻ നടപടി

932 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ ബിരുദമില്ലാത്തവർ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം ഇംഗ്ലീഷ് ഭാഷയിൽ വിദ്യാർത്ഥികളുടെ നിലവാരം കുറയുന്നു എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങളും ഇംഗ്ലീഷ് ഭാഷയ്ക്കുള്ള പ്രാധാന്യവും കണക്കിലെടുത്ത് ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ കൂടുതലായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ജില്ലാന്തര സ്ഥലമാറ്റം ലഭിച്ചവരുടെ സീനിയോറിറ്റി</u>

933 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാന്തര സ്ഥലംമാറ്റം ലഭിക്കുന്ന സർക്കാർ സ്കൂൾ അദ്ധ്യാപകർ പുതിയ ജില്ലകളിൽ ഏറ്റവും ജൂനിയറായി മാറുന്ന നിലവിലെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർ മറ്റൊരു ജില്ലയിലേക്ക് സ്ഥലംമാറ്റപ്പെട്ടാൽ പുതിയ ജില്ലയിൽ അവർ പ്രൈമറി അദ്ധ്യാപകരായി ജോലി നോക്കണമെന്ന സാഹചര്യം നിലവിലുണ്ടോ ;

(സി) മറ്റു വകുപ്പുകളിലൊന്നിലും തന്നെ ജില്ലാന്തര സ്ഥലമാറ്റം ലഭിച്ചവരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നില്ല എന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) കെ.ഇ.ആർ., കെ.എസ്.ആർ എന്നിവയിൽ ജില്ലാന്തര സ്ഥലം മാറ്റം ലഭിക്കുന്ന അദ്ധ്യാപകരെ ജൂനിയറായി പരിഗണിക്കണമെന്ന നിബന്ധനയുണ്ടോ ; ഇല്ലെങ്കിൽ ജില്ലാന്തര സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർക്ക് മുൻജില്ലകളിലെ സീനിയോറിറ്റി പരിഗണിച്ച് പ്രമോഷൻ ഉറപ്പുവരുത്തുമോ ;

(ഇ) ഇതിനായി G.O. (MS) 285/1965 എന്ന സർക്കാർ ഉത്തരവ് ആവശ്യമെങ്കിൽ പുന:പരിശോധിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>മലയാളം ഒന്നാം ഭാഷയാക്കികൊണ്ടുള്ള ഉത്തരവ്</u>

T934 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഒന്നാംഭാഷയാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(ബി) ഇതിനായി ഏതെങ്കിലും പരിശോധനകൾ നടന്നിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള ഉത്തരവ്</u>

935 ശ്രീ.ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഒന്നാം ഭാഷയാക്കി സർക്കാർ ഉത്തരവിറക്കിയിട്ടും പല സ്ക്കൂളുകളിലും അത് നടപ്പാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നിലവിലുണ്ടോ;

(സി) എങ്കിൽ അവ എന്തൊക്കെയാണെന്നും അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

ഡിഫറന്റ്ലി ഏബിൾഡ് ആയ കുട്ടികളുടെ വിദ്യാലയം

936 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന എത്ര സ്ഥാപനങ്ങളാണ് നിലവിലുള്ളത്; ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുതസ്ഥാപനങ്ങളിൽ ആകെ എത്ര വിദ്യാർത്ഥികളാണു പഠിക്കുന്നത്;

(സി) ഡിഫറന്റ്ലി ഏബിൾഡ് ആയ കുട്ടികളുടെ വിദ്യാലയത്തിൽ നിലവിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്;

(ഡി) ഡിഫറന്റ്ലി ഏബിൾഡ് ആയ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് കോഴ്സ് സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിൽ നിലവിലുണ്ട്;

(ഇ) ഇതിനായി ഏതു കോഴ്സാണ് ഇപ്പോൾ ഉള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഒറ്റപ്പാലം ബധിര-മൂകവിദ്യാലയത്തിൽ ബി.എഡ്. കോഴ്സ് (എസ്.ഇ.എം.ആർ.) ആരംഭിക്കുന്നതിന് 2010-11, 2011-12 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിരുന്നുവോ; എങ്കിൽ എത്ര രൂപയാണു വകയിരുത്തിയതെന്നും, അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും, എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

അന്ധരായ പാർട്ട് ടൈം ഉപകരണ സംഗീതം അദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

937 ശ്രീ.പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പാർട്ട്ടൈം ഭാഷാ അദ്ധ്യാപകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങളെല്ലാം അന്ധരായ പാർട്ട്ടൈം ഉപകരണ സംഗീത അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഈ സർക്കാർ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) വികലാംഗനായ കോട്ടയം ഒളശ്ശ അന്ധവിദ്യാലയത്തിലെ പാർട്ട്ടൈം ഉപകരണസംഗീതം അദ്ധ്യാപകനായ ശ്രീമാൻ. റ്റി. ജി. വിജയൻ, പ്രമോഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണമെന്ന് ആവശ്യപ്പെട്ടു സമർപ്പിച്ച പരാതിയിന്മേൽ (ഫയൽ നം.39000/ആർ2/പൊ.വി.വ തീയതി 25.9.2009) നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

938 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അടുത്ത അദ്ധ്യയനവർഷം എന്തെല്ലാം പരിഷ്കാരങ്ങളാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിനായി കുട്ടികളുടെ പ്രായപരിധി എത്രയെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) 5-ാം തരം എൽ.പി.യിലേക്കും, 8-ാം തരം യു.പി. യിലേക്കും ഈ വർഷംതന്നെ മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) 150 കുട്ടികളിൽ കൂടുതലുള്ള വിദ്യാലയങ്ങളിൽ ഹെഡ്മാസ്റ്ററെ ക്ലാസ്സ് ചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതിനും പകരം നിയമനം നടത്തുന്നതിനും ഉത്തരവായിട്ടുണ്ടോ;

(ഇ) ഇതുമൂലം എത്ര അധിക പോസ്റ്റുകൾ സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ

939

ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂൾ കുട്ടികൾക്ക് യൂണിഫോം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്ന് എയ്ഡഡ് സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) രാജ്യത്തെ എല്ലാ കുട്ടികൾക്കും യൂണിഫോം, യാത്രാ സൗകര്യം എന്നിവ ഒരുക്കണമെന്ന നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സ്കൂളുകളിലെ പെൺകുട്ടികൾ, പട്ടികവിഭാഗ വിദ്യാർത്ഥികൾ, ബി.പി.എൽ. ആൺകുട്ടികൾ എന്നിവർക്ക് മാത്രമായി രണ്ട് ജോഡി യൂണിഫോം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് പകരം ഈ ആനുകൂല്യങ്ങൾ എട്ടാം സ്റ്റാൻഡേർഡ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

# 20.03.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുമ്പോൾ അദ്ധ്യാപകരുടെ പുനർവിന്യാസം</u>

940 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ അഞ്ചാം ക്ലാസ്സ് ലോവർ പ്രൈമറി വിഭാഗത്തിലേക്ക് മാറുന്നതു മൂലം എൽ. പി. വിഭാഗത്തിൽ എത്ര അദ്ധ്യാപക തസ്തികകൾ അധികമായി ഉണ്ടാകും;

(ബി) ഇപ്രകാരം അധികമായി ഉണ്ടാകുന്ന തസ്തികകളിലേക്ക് യു. പി. വിഭാഗത്തിൽ ജോലി ചെയ്തു വരുന്ന, റ്റി. റ്റി.സി യോഗ്യതയുള്ള അദ്ധ്യാപകരെ പുനർവിന്യസിക്കാൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ;

(സി) എട്ടാം ക്ലാസ്സ് യു. പി. വിഭാഗത്തിലേക്ക് മാറ്റുന്നതോടെ ഹൈസ്ക്കൂൾ വിഭാഗത്തിലുണ്ടാകുന്ന അധികഅദ്ധ്യാപകരെ എപ്രകാരം ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത നിയമം നടപ്പാകുമ്പോൾ അദ്ധ്യാപക, വിദ്യാർത്ഥി അനുപാതത്തിൽ ഉണ്ടാകുന്ന മാറ്റം മൂലം ഉളവാകുന്ന അധിക ഡിവിഷനുകൾക്ക് ആവശ്യമായ കെട്ടിട, അനുബന്ധ സൗകര്യങ്ങൾ എപ്രകാരം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

വിദ്യാഭ്യാസ അവകാശ നിയമം

941 ശ്രീ. സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(ബി) എട്ടാം ക്ലാസ്സുവരെ എല്ലാ കുട്ടികള്‍ക്കും പ്രൊമോഷന്‍ നല്‍കുന്ന ചോദ്യത്തില്‍ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി പാഠപുസ്തകങ്ങള്‍ അവധിക്കാലത്ത് വിതരണം ചെയ്യാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കില്‍ എട്ടാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂര്‍ത്തിയായിട്ടുണ്ടോ;

(ഇ) അവയുടെ വിതരണത്തിന് ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

942 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഏതൊക്കെ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത ; പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

വിദ്യാഭ്യാസ അവകാശ നിയമം

943

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് 6 വയസ്സ് നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് എൽ.കെ.ജി.യും യു.കെ. ജിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സർക്കാർ, എയ്ഡഡ് മേഖലയിലെ എല്ലാ സ്കൂളുകളിലും ഇതു നടപ്പിലാക്കുമോ;

(സി) ഇതിനായി ഫീസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്‍</u>

944 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്‍ പദ്ധതി പ്രകാരം രണ്ടാംഘട്ടമായി 2010-11 വര്‍ഷം എത്ര ഹൈസ്ക്കൂളുകള്‍ ആരംഭിക്കുന്നതിനാണ് കേന്ദ്ര സര്‍ക്കാര്‍ അനുമതി നല്‍കിയിട്ടുള്ളത് ; വിശദാംശങ്ങള്‍ അറിയിക്കാമോ ;

(ബി) ഇത്തരത്തില്‍ അനുവദിക്കപ്പെട്ട സ്കൂളുകള്‍ തുടങ്ങാന്‍ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കില്‍ കാരണമെന്താണെന്ന് വിശദമാക്കാമോ ;

(സി) തടസ്സങ്ങള്‍ നീക്കി അനുവദിക്കപ്പെട്ട സ്കൂളുകള്‍ എന്നത്തേയ്ക്ക് തുടങ്ങാനാവും എന്ന് അറിയിക്കാമോ ;

(ഡി) ഇതില്‍ കാസര്‍ഗോഡ് ജില്ലയിലെ കുറ്റിക്കോല്‍ എന്ന സ്ഥലത്ത് പ്രത്യേകമായി അനുവദിച്ച ഹൈസ്ക്കൂള്‍ എപ്രകാരം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്‍ (ആര്‍.എം.എസ്.എ.) പദ്ധതി</u>

945 ശ്രീ.എ.കെ.ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്‍ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്ന് മുതലാണ് പദ്ധതി ആരംഭിച്ചത്; കേന്ദ്ര സര്‍ക്കാര്‍ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര തുകയാണ് ലഭിച്ചത്; ഇതില്‍ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന-ജില്ല പ്രോജക്ട് ഓഫീസര്‍മാരെ നിയമിച്ചിട്ടുണ്ടോ; എങ്കില്‍ ഏതെല്ലാം ജില്ലകളില്‍ ആരെയെല്ലാമാണ് നിയമിച്ചിട്ടുള്ളത്; ഇതിനായുള്ള തസ്തികകള്‍ എന്നാണ് സൃഷ്ടിച്ചത്; സംസ്ഥാന ജില്ലാ പ്രോജക്ട് ഓഫീസുകള്‍ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന സംസ്ഥാന-ജില്ലാ പ്രോജക്ട് ഓഫീസര്‍മാരുടെ യോഗ്യതകള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഈ യോഗ്യതയുള്ളവരെയാണോ പ്രസ്തുത തസ്തികയില്‍ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

ആർ. എം. എസ്. എ. പദ്ധതി

946 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ. എം. എസ്. എ. പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന-ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതിയുടെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) ആർ.എം.എസ്.എ.യുടെ ഭാഗമായി അദ്ധ്യാപകർക്ക് തത്സമയ പിന്തുണയും പരിശീലനങ്ങളും നടത്തുന്നുണ്ടോ ;

(സി) പദ്ധതി ആരംഭിച്ച ശേഷം വർഷംതോറും എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ആർ.എം.എസ്.എ.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)

947 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതെങ്കിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ, പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കുളുകളുടെ പശ്ചാത്തല വികസനത്തിന് പദ്ധതിയിൽ പണം വകയിരുത്തുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ബ്ലോക്ക് റിസോഴ്സ് സെന്റർ പദ്ധതി പ്രകാരമുള്ള ഫിസിയോതെറാപ്പി സേവനം</u>

948 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ക്കൂളുകളിൽ ബി. ആർ. സി. പദ്ധതി പ്രകാരം നടപ്പാക്കുന്ന ഫിസിയോ തെറാപ്പി സേവനം സ്ഥിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ബി. ആർ. സി. പദ്ധതി പ്രകാരം സേവനം നടത്തുന്ന ഫിസിയോതെറാപ്പിസ്റ്റുകളുടെ വേതനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ സേവനം ഫണ്ടിന്റെ അപര്യാപ്തതമൂലം നിർത്തലാക്കുവാൻ ശുപാർശയുണ്ടോ; വിശദമാക്കുമോ;

(ഡി) പാവപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ലഭിക്കുന്ന പ്രസ്തുത സേവനം സ്ഥിരമായി ലഭ്യമാക്കുന്നതിനായി സി. ആർ. സി. പദ്ധതി പ്രകാരം ജോലി ചെയ്യുന്ന ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് ജോലി സ്ഥിരതയും ശമ്പള വ്യവസ്ഥയും നടപ്പിലാക്കുമോ; വിശദാംശം നൽകുമോ;

(ഇ) കായിക താരങ്ങൾക്ക് സ്പോർട്സ് ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനായി സ്പോർട്സ് സ്ക്കൂളുകളിലും ഫിസിക്കൽ എഡ്യുക്കേഷൻ കോളേജുകളിലും സ്പോർട്സ് ഫിസിയോ തെറാപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>പാർലമെന്ററി ലിറ്ററസി ക്ലബ്ബ്</u>

949 ശ്രീ.കെ.ശിവദാസൻ നായർ
,, പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ക്കൂളുകളിലെ പാർലമെന്ററി ലിറ്ററസി ക്ലബ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത് ആരാണ്;

(സി) ആദ്യ ഘട്ടത്തിൽ എത്ര സ്ക്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

വിദ്യാധനം ലോൺ സ്കീം

950 ശ്രീ.വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ സഹായത്തോടെ 2011-12 വർഷത്തിൽ എത്ര പേർക്ക് വിദ്യാധനം ലോൺ സ്കീം പ്രകാരം വായ്പ നൽകി;

(ബി) എത്ര കോടി രൂപ വായ്പയായി അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്
അടിസ്ഥാന വികസന നിധി</u>

951

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് നൽകുന്ന കേന്ദ്ര സഹായത്തിന് 2011-12 വർഷത്തിൽ എത്ര സ്ഥാപനങ്ങൾ അപേക്ഷ നൽകിയെന്നും ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റി എത്രയെണ്ണത്തിന് ശുപാർശ നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര സ്ഥാപനങ്ങൾക്ക് പ്രസ്തുത ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും സ്ഥാപനങ്ങളുടെ പേരുവിവരവും വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങൾക്കും പ്രസ്തുത ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതി</u>

952

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്ഥാപനങ്ങൾക്ക് ശുപാർശ നൽകിയിട്ടുണ്ട്;

(ബി) ശുപാർശ നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ഡി) എങ്കിൽ സ്ഥാപനങ്ങളുടെ പേരും സ്ഥലവും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>മദ്രസാ നവീകരണ പദ്ധതി</u>

953 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസാ നവികരണ പദ്ധതി ഏത് വർഷമാണ് ആരംഭിച്ചത് ;

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം ഓരോ വർഷത്തേക്കും കേന്ദ്രത്തിൽ നിന്ന് ലഭ്യമായ സംഖ്യ എത്ര വീതമാണ് ;

(സി) ഓരോ വർഷവും അപേക്ഷ നൽകിയ മദ്രസകളുടെ എണ്ണവും അനുവദിച്ച മദ്രസകളുടെ എണ്ണവും എത്ര വീതമാണ് ;

(ഡി) 2011-12 വർഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഇ) ഇതിനായുള്ള ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി എത്രപ്രാവശ്യം രൂപീകരിക്കുകയും പുനസംഘടിപ്പിക്കുകയും ചെയ്തു. ;

(എഫ്) ഓരോ കമ്മിറ്റിയിലുമുണ്ടായിരുന്ന അംഗങ്ങൾ ആരൊക്കെയായിരുന്നു ;

(ജി) ഓരോ കമ്മിറ്റിയുടെയും കാലാവധി എത്രയൊക്കെയായിരുന്നു;

(എച്ച്) ഓരോ കമ്മിറ്റിയും എത്ര പ്രാവശ്യം വിതം യോഗം ചേർന്നു ;

(ഐ) പൊതു വിദ്യാഭ്യാസ വകുപ്പിൽ മദ്രസാ നവീകരണ പദ്ധതി നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ;

(ജെ) അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത എന്താണ് ;

**കേരള നിയമസഭ**
**20.03.2012-ലെ മറുപടിക്ക്**

(കെ) വിദ്യാഭ്യാസ വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെ പദ്ധതി നടത്തിപ്പിനുവേണ്ടി പ്രത്യേകമായി നിയമിക്കുമോ ;

(എൽ) മദ്രസകൾക്ക് ലഭ്യമാക്കിയ പണം യഥാവിധി ഉപയോഗിക്കുന്നകാര്യം മോണിറ്ററിംഗ് നടത്തുന്നുണ്ടോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അനുമതി</u>

954 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് എത്ര സി. ബി. എസ്. ഇ. സ്ക്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരവും എൻ. ഒ. സി.യും അനുവദിക്കുന്നതിന് നിഷ്ക്കർഷിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിലേയ്ക്കായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അംഗീകാരത്തിനും, എൻ. ഒ. സി. ക്കുമായി എത്ര അപേക്ഷകൾ ഏതൊക്കെ സ്ക്കൂളുകളിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള വിശദാംശവും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>എൻ.ഒ.സി. ലഭിച്ച സി.ബി.എസ്.ഇ. സ്ക്കൂളുകൾ</u>

955 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ എത്ര സി.ബി.എസ്.ഇ. സ്കൂളുകൾക്കാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത സ്കൂളുകൾ ഏതെല്ലാമെന്നതിന്റെ ജില്ല തിരിച്ചുള്ള പട്ടിക നൽകാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ സ്കൂളുകൾക്ക് എൻ. ഒ. സി.</u>

956

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി. നൽകുന്നത് സംബന്ധിച്ച ഏതെങ്കിലും വ്യവസ്ഥകൾ ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എൻ. ഒ. സി. ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ടായിരുന്നു;

(സി) ഈ സർക്കാർ എത്ര സി. ബി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി. നൽകി; ഏതെല്ലാം വ്യവസ്ഥകളിൽ ഇളവുകൾ നൽകിക്കൊണ്ടാണ് എൻ. ഒ. സി. നൽകിയത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച സ്കൂളുകൾ</u>

957 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര സ്വാശ്രയ സ്കൂളുകളും എയ്ഡഡ് സ്കൂളുകളും അനുവദിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്കൂളുകൾ അനുവദിക്കുമ്പോൾ അതാതിടങ്ങളിലെ നിയമസഭാ പ്രതിനിധികളുടെ അഭിപ്രായം ആരായാറുണ്ടോ;

(സി) സ്കൂളുകൾ അനുവദിക്കുമ്പോൾ സർക്കാർ നിഷ്ക്കർഷിക്കുന്ന നിബന്ധനകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈക്കം നിയോജക മണ്ഡലത്തിൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ലാഭകരമല്ലാത്ത സ്ക്കൂളുകൾ</u>

958 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സ്ക്കൂളുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) 2009-10, 2010-11 എന്നീ വർഷങ്ങളിൽ ഇത്തരത്തിലുള്ള എത്ര സ്ക്കൂളുകൾ ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ലാഭകരമല്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ള സ്ക്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(ഡി) സ്ക്കൂളുകളെ ലാഭനഷ്ടകണക്കുകളുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്ക്കൂളുകളെ ഫലപ്രദമായി നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സ്ക്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കാനുള്ള നടപടികൾ</u>

959 ശ്രീ.ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സ്ക്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എൻ.സി.ഇ.ആർ.ടി. ഇതിനായി കരിക്കുലം തയ്യാറാക്കിയിട്ടുള്ളതായി അറിയുമോ ;

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

960 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരന്തരമായി അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല രൂപീകരണം</u>

961

ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കണ്ണൂർ റവന്യൂ ജില്ലയിൽ എത്ര വിദ്യാഭ്യാസ ജില്ലകളാണ് ഉള്ളത്; ഓരോ വിദ്യാഭ്യാസ ജില്ലയിലും ഉൾപ്പെടുന്ന സ്കൂളുകളുടെ എണ്ണം അറിയിക്കാമോ;

(സി) സ്കൂളുകളുടെ എണ്ണത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ല ഏതാണ് ;

(ഡി) തളിപ്പറമ്പ് കേന്ദ്രമായി, കണ്ണൂർ വിദ്യാഭ്യാസ ജില്ല വിഭജിച്ച്, പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഇ) തടസ്സങ്ങൾ നീക്കി തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>മുഹമ്മ എസ്.എൻ.വി. സ്ക്കൂളിന്റെ വികസനം</u>

962 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരവധി വർഷത്തെ സേവന പാരമ്പര്യമുള്ള പല എയ്ഡഡ് സ്ക്കൂളുകളിലും പ്രാഥമിക സൗകര്യങ്ങളുടെ പോലും അഭാവം നിലനിൽക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ.പി., യു.പി., ഹൈസ്ക്കൂൾ വിഭാഗത്തിൽ പെടുന്ന ഇത്തരം സ്ക്കൂളുകളുടെ നവീകരണത്തിനും പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അടിസ്ഥാന സൗകര്യവും പഠന സൗകര്യവും മെച്ചപ്പെടുത്തുന്നതിൽ അലംഭാവം കാണിക്കുന്ന മാനേജ്മെന്റുകളിൽ നിന്നും അവർ അനുവദിക്കുന്നപക്ഷം സ്ക്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയോ ഇല്ലെങ്കിൽ പ്രത്യേക പാക്കേജുകളും സഹായവും നൽകി ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(ഡി) മുഹമ്മ എസ്.എൻ.വി. യു.പി. സ്ക്കൂളിന്റെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും, കെട്ടിടങ്ങൾ, സ്ക്കൂൾ ഗ്രൗണ്ട്, കമ്പ്യൂട്ടർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും അടിയന്തിര സഹായം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

പരീക്ഷാഹാളുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

963 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ നടക്കുന്ന ഹാളുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>പെൺകുട്ടികൾക്ക് സൗജന്യയൂണിഫോം</u>

964 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷം മുതൽ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന 8-ാം ക്ലാസ്സ് വരെയുള്ള പെൺകുട്ടികൾക്ക് സൗജന്യയൂണിഫോം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും;

(ബി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുകൂടി യൂണിഫോം വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു;

(സി) ആയതിനു പ്രതീക്ഷിക്കുന്ന ചെലവ് എത്ര കോടി രൂപയാണ്; ഒരു കുട്ടിക്ക് ചെലവാകുമെന്നു പ്രതീക്ഷിക്കുന്ന തുക എത്ര;

(ഡി) പ്രസ്തുതതുക എപ്രകാരം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ബി. പി. എൽ. വിഭാഗത്തിലുള്ള കുട്ടികൾക്ക് കൂടി സൗജന്യ യൂണിഫോം</u>

965 ഡോ. എൻ. ജയരാജ്
ശ്രീ.പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 8-ാം തരംവരെ പഠിക്കുന്ന കുട്ടികളിൽ എസ്. സി., എസ്. റ്റി., ബി. പി. എൽ. വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം എത്ര വീതമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ പഠിക്കുന്ന എസ്. സി., എസ്. റ്റി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിന് പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ബി. പി. എൽ. വിഭാഗത്തിലുള്ള കുട്ടികൾക്കുകൂടി സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം</u>

966

ശ്രീ. സണ്ണി ജോസഫ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) അടുത്ത അദ്ധ്യയന വർഷത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് പോലീസ് പദ്ധതി</u>

967 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത് ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി ജില്ലാതല ഓഫീസ്

968 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറ് ദിന കർമ്മപരിപാടിയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഹയർ സെക്കണ്ടറിക്കായി ജില്ലാതല ഓഫീസുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) എല്ലാ ജില്ലകളിലും ജില്ലാതല ഓഫീസ് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപകബാങ്ക് രൂപീകരണം</u>

969 ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ. കെ.ജയചന്ദ്രൻ
,, പി.റ്റി.എ.റഹീം
ഡോ.കെ.ടി.ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച അദ്ധ്യാപക ബാങ്ക് രൂപീകരിക്കപ്പെട്ടിട്ടുണ്ടോ ; ഇത് എന്നത്തേക്ക് നിലവിൽ വരുത്തുവാനാണ് തീരുമാനിച്ചിരുന്നത് ;

(ബി) ഇതിനു തടസ്സമായി നില്ക്കുന്ന എന്തെങ്കിലും ഘടകം ഉണ്ടോ ; വിശദമാക്കാമോ ;

(സി) വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം പുന:ക്രമീകരിക്കുമ്പോൾ ഉണ്ടാവുമെന്ന് പ്രതീക്ഷിച്ച അദ്ധ്യാപകരുടെ ഒഴിവുകളെത്രയായിരുന്നു ; അദ്ധ്യാപകബാങ്കിൽ ഇപ്പോൾ എത്രപേരുണ്ട് ;

(ഡി) പുനക്രമീകരിക്കപ്പെട്ട അനുപാതത്തിലുള്ള തസ്തികകളിലേക്കുകൂടി അനുമതി ഇല്ലാതെ മാനേജർമാർക്ക് നിയമനം നടത്താനുള്ള അവസ്ഥയുണ്ടാക്കുന്നതിന്റെ ഭാഗമായിട്ടാണ് അദ്ധ്യാപക ബാങ്ക് നിലവിൽ വരാതിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം നിയമിക്കപ്പെടുന്നവർ വീണ്ടും സംരക്ഷിത അദ്ധ്യാപകരായി മാറുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക ബാങ്ക് രൂപീകരണം</u>

970 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ പാക്കേജിന്റെ ഭാഗമായ 'അദ്ധ്യാപക ബാങ്ക്' രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക ബാങ്കിന്റെ പേരിൽ അദ്ധ്യാപക നിയമനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് പുതിയ നിയമനങ്ങൾ നടത്തി സാമ്പത്തികലാഭം ഉണ്ടാക്കാൻ സ്വകാര്യസ്കൂൾ മാനേജർമാർക്ക് സഹായകരമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദ്ധ്യാപക ബാങ്ക് രൂപീകരണം നടക്കാതായതോടെ പുനഃക്രമീകരിക്കപ്പെട്ട അനുപാതത്തിൽ തസ്തികയുടെ അനുമതിക്ക് കാത്തിരിയ്ക്കാതെ തന്നെ മാനേജർമാർ നിയമനങ്ങൾ നടത്തി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

## അദ്ധ്യാപകർക്ക് പരിശീലന കാലയളവിൽ ആനുകൂല്യങ്ങൾ നൽകാൻ നടപടി

971 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം ലഭിച്ച അൺ ട്രയിൽഡ് എൽ.പി.എസ്.എ./യു.പി.എസ്.എ. മാർക്ക് ടി.ടി.സി./ബി.എഡ് യോഗ്യത നേടുന്നതിനുള്ള പരിശീലന കാലയളവിൽ വേതനവും ആനുകൂല്യങ്ങളും നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേതനവും ആനുകൂല്യങ്ങളും നൽകാതിരിക്കാൻ എന്തെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് പരിശീലന കാലയളവിൽ വേതനവും ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് 7.3.1984 തീയതികളിലെ ജി.ഒ. (എം.എസ്) 42/84 ഉത്തരവ് നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരിശീലനം പൂർത്തിയായവർക്കും പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുമായ മേൽ വിവരിച്ച അദ്ധ്യാപകർക്ക് വേതനവും ആനുകൂല്യവും നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റ്

972 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എൽ. പി. എസ്. എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്രയെണ്ണത്തിൽ നിയമനം നടത്താനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിലെ ഈ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ സ്കൂളുകള്‍ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി</u>

973 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയിലെ എത്ര യു.പി. സ്കൂളുകളാണ് ഹൈസ്ക്കൂള്‍ ആയി ഉയര്‍ത്തിയിട്ടുള്ളത്:

(ബി) ഈ വര്‍ഷം എത്ര യു.പി. സ്ക്കൂളുകളാണ് ഹൈസ്കൂളുകളായി ഉയര്‍ത്തുവാന്‍ തീരുമാനിച്ചിട്ടുള്ളത്:

(സി) കൊല്ലങ്കോട് ഉപജില്ലയിലെ എത്ര സ്കൂളുകളാണ് ഇനി ഹൈസ്കൂളുകളായി ഉയര്‍ത്താനുള്ളത്; അതില്‍ എത്ര എണ്ണം ഈ വര്‍ഷത്തെ ലിസ്റ്റിലുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

## പരുമല ദേവസ്വം ബോര്‍ഡ് ഹൈസ്കൂള്‍ ഹെഡ്മാസ്റ്ററുടെ നിയമനം

974 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരുമല ദേവസ്വം ബോര്‍ഡ് ഹൈസ്കൂള്‍ ഹെഡ്മാസ്റ്ററുടെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമര്‍പ്പിച്ച അപേക്ഷയിന്മേല്‍ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി 16-12-2010-ലെ എ.3/65127/2010 നമ്പര്‍ ഉത്തരവില്‍ നിയമസഭ അംഗീകരിയ്ക്കാവുന്നതല്ലായെന്നും 22.10.2011-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.റ്റി. 3/837/11 ഉത്തരവില്‍ പ്രസ്തുത നിയമനം അംഗീകരിച്ച് നല്‍കണമെന്നുമുള്ള വ്യത്യസ്ഥ ഉത്തരവുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ആയത് പരിശോധിച്ച് പ്രസ്തുത നിയമനം അംഗീകരിച്ച് ലഭിക്കേണ്ട സര്‍വ്വീസ് ആനുകൂല്യങ്ങള്‍ അദ്ദേഹത്തിന് നല്‍കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ; ഇല്ലെങ്കില്‍ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എൽ.പി.എസ്. എ. മലയാളം നിയമനം</u>

975 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഈ അദ്ധ്യയനവർഷം ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ്, ഹെഡ്മാസ്റ്റർ എന്നീ വിഭാഗത്തിൽ നിന്നും എത്രപേർ റിട്ടയർ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഉപജില്ല തിരിച്ച് സ്കൂളിന്റെ പേര്, ഹെഡ്മാസ്റ്റർ, ''എൽ.പി.എസ്.എ.' എന്നിവയുടെ എണ്ണം ഉൾപ്പെടുന്ന പട്ടിക നൽകുമോ;

(സി) നിലവിലുള്ള എൽ.പി.എസ്.എ. മലയാളം റാങ്ക് ലിസ്റ്റിൽ നിന്നും അടുത്ത അദ്ധ്യയനവർഷാരംഭം നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

ബയോളജി അദ്ധ്യാപന നിലവാരം ഉയർത്തുവാൻ നടപടി

976 ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ച് ഡിവിഷനിൽ താഴെയുള്ള ഹൈസ്കൂളുകളിൽ ജീവശാസ്ത്ര വിഷയം പഠിപ്പിക്കുവാൻ നിലവിൽ തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ഹൈസ്കൂളുകളിൽ ഏതുവിഭാഗം അദ്ധ്യാപകരാണ് ജീവശാസ്ത്ര വിഷയത്തിൽ അദ്ധ്യാപനം നടത്തുന്നത്;

(സി) ബയോളജി അദ്ധ്യാപന നിലവാരം ഉയർത്തുവാൻ എല്ലാ ഹൈസ്കൂളുകളിലും നാച്ചുറൽ സയൻസിൽ ഡിഗ്രിയും ബി.എഡും ഉള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ ഹെൽത്ത് പ്രോഗ്രാം അനുസരിച്ച് എത്ര സർക്കാർ ഹൈസ്കൂളുകളിൽ നേഴ്സുമാരെ നിയമിച്ചിട്ടുണ്ട്; ഇവരുടെ ജോലി എന്താണ് ; ഇവർക്ക് വേതനം നൽകുന്നത് ആരാണ് ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>പ്രീ- പ്രൈമറി വിഭാഗം ജീവനക്കാർക്ക്
ഓണക്കാലത്ത് അനുവദിച്ച വർദ്ധിപ്പിച്ച ആനുകൂല്യം
നൽകുന്നതിന് നടപടി</u>

977 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർക്ക് ഓണക്കാലത്ത് അനുവദിച്ച വർദ്ധിപ്പിച്ച ആനുകൂല്യം വിതരണം ചെയ്തിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 31-03-2012-ന് മുമ്പ് പ്രസ്തുത തുക വിതരണം ചെയ്തില്ലെങ്കിൽ ആയത് ജീവനക്കാർക്ക് നഷ്ടമാകും എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>എറണാകുളം ഡയറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം</u>

978 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കുറുപ്പംപടിയിലുള്ള എറണാകുളം ഡയറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം സ്തംഭിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഡയറ്റിന്റെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കി നടപ്പാക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാൻ നടപടി</u>

979 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കൊടക്കാട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കുളിൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംകങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ചാലക്കുടി ഐ. ആർ. എം. എൽ. പി. സ്കൂൾ മുനിസിപ്പാലിറ്റി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ</u>

980 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഐ. ആർ. എം. എൽ. പി. സ്കൂൾ ചാലക്കുടി മുനിസിപ്പാലിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച അപേക്ഷ പരിഗണനയിലുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ഹയർസെക്കണ്ടറി മേഖലയിൽ തസ്തികകൾ
സൃഷ്ടിക്കുന്നതിന് നടപടി

981

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിൽ ക്ലാർക്ക്, പ്യൂൺ എന്നീ തസ്തികകൾ ഇല്ലാത്തതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്ക് ക്ലാസ്സുകൾ കൂടി എടുക്കേണ്ടിവരുന്നതുമൂലം ഭരണപരമായ കാര്യങ്ങളിൽ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരെ അദ്ധ്യാപന ജോലിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി</u>

982 ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ഹയർ സെക്കണ്ടറി ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ നടന്നതുപോലെ ഹയർ സെക്കണ്ടറി കലോത്സവം പ്രത്യേകം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഹയർ സെക്കണ്ടറിക്ക് പ്രത്യേക പി.ടി.എ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ഹയർസെക്കണ്ടറി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുവാൻ നടപടി</u>

983

ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരെ അദ്ധ്യാപനത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ഹയർസെക്കണ്ടറി സ്കൂൾ ജീവനക്കാർക്ക് ശമ്പളം

984 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററിമേഖലയിൽ ഈ വർഷം അധികബാച്ച് അനുവദിച്ച 550 സ്കൂളുകളിലും 2010-11-ൽ മലബാർ മേഖലയിൽ അനുവദിച്ച 178 സ്കൂളുകളിലുമായി എത്ര ഹയർസെക്കണ്ടറി അദ്ധ്യാപകരാണ് ശമ്പളമില്ലാതെ ജോലിചെയ്യുന്നത് ;

(ബി) ഇവർക്ക് ശമ്പളം നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ .

(സി) പ്രസ്തുത ഹയർസെക്കണ്ടറി സ്കൂളുകളിൽ എത്ര ലാബ് അസിസ്റ്റന്റ് തസ്തികകളാണ് അനുവദിച്ചത് ;

(ഡി) ഇവർക്ക് ശമ്പളം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) കഴിഞ്ഞ 21 വർഷമായി ക്ലാർക്ക്, പ്യൂൺ തസ്തിക സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ചിട്ടില്ലായെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കൊടുവള്ളിയിൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ</u>

985 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇൻസെന്റീവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതി അനുസരിച്ച് എത്ര അപേക്ഷകൾ പരിഗണനയിലുണ്ട് ;

(സി) താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ കൊടുവള്ളി ശംസുൽ ഉലമാ മെമ്മോറിയൽ റിയസ്വാലീഹീൻ കമ്മിറ്റി, പെൺകുട്ടികൾക്കുള്ള ഹയർ സെക്കന്ററി സ്കൂളിന് അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്കൂൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>തേവര്‍വട്ടം എച്ച്.എസ്-ല്‍ പ്ലസ്ടു അനുവദിക്കാന്‍ നടപടി</u>

986 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്ലസ്ടു സ്കൂളുകള്‍ ഇല്ലാത്ത പഞ്ചായത്തുകളില്‍ ആയത് അനുവദിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ .

(ബി) ഒരു പ്ലസ്ടു വിദ്യാലയം പോലുമില്ലാത്ത അരൂര്‍ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ തേവര്‍വട്ടം എച്ച്.എസ്-ല്‍ ഹൈസക്കൂള്‍ കുട്ടികളുടെ അഭാവം നിമിത്തം ക്ലാസ്സ് മുറികള്‍ ഒഴിഞ്ഞുകിടക്കുന്നത് പ്രയോജനപ്പെടുത്തി ഈ സ്കൂളില്‍ പ്ലസ്ടു അനുവദിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ;

(സി) തേവര്‍വട്ടം എച്ച്.എസ്സ് ല്‍ പ്ലസ്ടു അനുവദിക്കണമെന്ന അരൂര്‍ എം.എല്‍.എ.യുടെ നിവേദനം അനുഭാവപൂര്‍വ്വം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സിസ്റ്റർ കെ. എക്സ്. എൽസമ്മക്ക് ശമ്പളം നൽകാൻ നടപടി</u>

987 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കായംകുളം സബ് ജില്ല വിദ്യാഭ്യാസ ആഫീസിന്റെ അധികാരപരിധിയിൽപ്പെടുന്ന ചാരുമൂട് സെന്റ് മേരീസ് സ്ക്കൂളിലെ അദ്ധ്യാപികയായ കെ. എക്സ്. എൽസമ്മക്ക് 3.11.2009 മുതൽ ശമ്പളം ലഭിക്കാത്തത് എന്ത്കൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അദ്ധ്യാപികയുടെ ട്രൻസ്ഫർ അംഗീകരിച്ച് ശമ്പളം ലഭിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) രണ്ട് വർഷത്തിലധികമായി ശമ്പളം ലഭിക്കാത്ത പ്രസ്തുത അദ്ധ്യാപികയ്ക്ക് മുൻ സർവ്വീസ് കൂടി പരിഗണിച്ച് ശമ്പളം ഉടൻ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി കോമേഴ്സ് അദ്ധ്യാപകനിയമനം</u>

988 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വകുപ്പിൽ കൊമേഴ്സ് വിഭാഗത്തിൽ സീനിയർ/ജൂനിയർ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

ഹയർ സെക്കന്ററി കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപക തസ്തികയുടെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ നടപടി

989 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി വിഭാഗതതിൽ കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകരെ പ്രൊമോഷൻ വഴി നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് 3(2), 5(37) എന്നിവയനുസരിച്ച് ജൂനിയർ എച്ച്.എസ്.എസ്.ടി.മാരെയും എച്ച്.എസ്.എ.മാരെയും, യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെയും പരിഗണിക്കുമോ;

(ബി) എച്ച്.എസ്.എ.മാർക്ക് പി.ജി.ഡി.സി.എ. ഉണ്ടെങ്കിൽ എച്ച്.എസ്.എസ്.ടി. ആകാമെന്ന നിലവിലുള്ള വ്യവസ്ഥയ്ക്കുപുറമേ ''യോഗ്യതയുള്ളവരുടെ അഭാവത്തിൽ എം.ടെക്., എം.സി.എ., എം.എസ്.സി. (കമ്പ്യൂട്ടർ സയൻസ്) എന്നീ യോഗ്യതകളുള്ള പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി. ആകാം'' എന്നുകൂടി ചേർത്ത് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച് ശ്രീ. വി. റ്റി. തോമസ് നൽകിയിരിക്കുന്ന 70282/2011/റ്റി/ജി.ഇ.ഡി എന്ന നമ്പർ ഫയലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ പഴഞ്ഞി ഗവ. ഹൈസ്ക്കൂളിൽ പ്ലസ് -ടു അനുവദിക്കുന്നതിന് നടപടി</u>

990 ശ്രീ.ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജക മണ്ഡലത്തിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ പ്ലസ് -ടു പഠന സൗകര്യം ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ പഴഞ്ഞി ഗവ. ഹൈസ്ക്കൂളിനോടനുബന്ധിച്ച് പ്ലസ് -ടു കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലംമാറ്റം</u>

991 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച് മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കംപാഷനേറ്റ് ഗ്രൗണ്ടിൽ എത്ര അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; അവരുടെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കംപാഷനേറ്റ് ഗ്രൗണ്ടിൽ സ്ഥലം മാറ്റം നൽകുന്നതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കണ്ണൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ നവീകരണം</u>

992 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ക്ലാസ്സ് മുറികളുടെ അപര്യാപ്തതമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 20-ൽ കൂടുതൽ മുറികളോടുകൂടിയ ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണത്തിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

കോട്ടുകാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കോഴ്സുകൾ

993 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടുകാൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എന്തൊക്കെ കോഴ്സുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

മങ്കട മണ്ഡലത്തിലെ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിടങ്ങൾ

994 ശ്രീ.റ്റി. എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മങ്കട മണ്ഡലത്തിലെ അഞ്ച് ഗവ.ഹയർ സെക്കണ്ടറി സ്കൂളുകൾക്കും കെട്ടിട സൗകര്യമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>നേമം മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

995 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ സർക്കാർ/ എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ടെലിഫോൺ നമ്പറുകൾ സഹിതം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ശ്രീ. പി. കെ. സുലൈമാന്റെ പെൻഷൻ ആനുകൂല്യം</u>

996 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടുതല എൽ.എഫ്.എൽ.പി. സ്കൂളിൽ നിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകൻ ശ്രീ. പി. കെ. സുലൈമാന്റെ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനായുള്ള അപേക്ഷ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോ;

(സി) എങ്കിൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ കേസ്സുകൾ ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ അപേക്ഷയിന്മേൽ സത്വരനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

ശ്രീമതി എലിസബത്ത് ഉമ്മന്റെ പരാതിയിന്മേൽ നടപടി

997 ശ്രീ.റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഡിവിഷൻ കുറവ് മൂലം അദ്ധ്യാപകർക്ക് ഉണ്ടായ റിവേർഷൻ പരിഹരിക്കുന്നതിനായി 8.11.96-ലെ 377/96/പൊ.വി.വ 28.11.1996 ലെ 3860/96/പൊ.വിവ.വ എന്നി നമ്പർ ഉത്തരവുകൾ പ്രകാരവുമുള്ള സ്റ്റാറ്റസ്കോയുടെ ആനുകൂല്യം എല്ലാ അദ്ധ്യാപകർക്കും ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം ലഭിയ്ക്കാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുണ്ടിയപ്പള്ളി സി.എം.എസ്.ഹൈസ്ക്കൂളിലെ ഹിന്ദി അദ്ധ്യാപികയായ ശ്രീമതി എലിസബത്ത് ഉമ്മന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആ പരാതി എപ്രകാരമാണ് തീർപ്പാക്കിതെന്ന് വ്യക്തമാക്കുമോ ;;

(ഡി) മാവേലിക്കര ബിഷപ്പ് ഹോഡ്ജ് ഹയർ സെക്കണ്ടറി സ്കൂളിലും മുണ്ടക്കയം സി.എം.എസ്.ഹൈസക്കൂളിലും ജോലി നോക്കിയിരുന്ന എല്ലാ അദ്ധ്യാപകർക്കും മേൽ സർക്കാർ ഉത്തരവിൻപ്രകാരംമുള്ള ആനുകൂല്യം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ഗ്രന്ഥശാലാ സംഘത്തിന് സർക്കാർ ഗ്രാന്റ്</u>

998

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാലാ സംഘത്തിന് ഈ വർഷം സർക്കാർ ഗ്രാന്റ് അനുവദിക്കാത്തതിനാൽ സംഘത്തിനുണ്ടായിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആറായിരത്തോളം വരുന്ന ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ഇത് എപ്രകാരം ബാധിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പുതിയ പുസ്തകങ്ങളുടെ വാങ്ങലും ജില്ലാതലത്തിലുള്ള പുസ്തകപ്രദർശനങ്ങളും ഇതുമൂലം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>പി. പി. പി. സംവിധാനത്തിൽ പോളിടെക്നിക്കുകൾ</u>

999 ശ്രീ.സി. കെ. സദാശിവൻ
,, വി. ചെന്താമരാക്ഷൻ
,, ബി. ഡി. ദേവസ്സി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. ഐ. സി. ടി. ഇ. യുടെ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് പി. പി. പി. സംവിധാനത്തിൽ പോളിടെക്നിക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര സ്ഥാപനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഏതുതരം സ്ഥാപനങ്ങളെയാണ് ഈ സംരംഭത്തിൽ പങ്കാളികളാക്കുന്നത്; ഇതു സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംരംഭത്തിലേർപ്പെടാൻ ഇതിനകം മുന്നോട്ടു വന്നിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകളിൽ പാർട്ട്ടൈം ഡിപ്ലോമ കോഴ്സുകൾ</u>

1000 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പോളിടെക്നിക്കുകളിൽ പാർട്ട്ടൈം ഡിപ്ലോമ കോഴ്സുകൾ നടത്തുന്നുണ്ടോ ;

(ബി) ഏതെല്ലാം പോളിടെക്നിക്കുകളിലാണ് ഇപ്പോൾ പാർട്ട്ടൈം ഡിപ്ലോമ കോഴ്സുകൾ നിലവിലുള്ളത് ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ട്രേഡ്സ്മാൻ തസ്തികയിലെ ഒഴിവുകൾ</u>

1001 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്ര പേരെ നിയമിക്കുകയുണ്ടായി ;എത്രപേരെ അഡ്വൈസ് ചെയ്തതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട് ;

(സി) വകുപ്പിലെ മറ്റേതെങ്കിലും വിഭാഗത്തിന് പ്രമോഷൻ നൽകുന്നതിനായി എത്ര ട്രേഡ്സ്മാൻ തസ്തികകൾ ഒഴിച്ചിട്ടിട്ടുണ്ട്; ഇത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ടി.എച്ച്.എസ്.എൽ.സി. പരീക്ഷ</u>

1002

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി.എച്ച്.എസ്.എൽ.സി. പരീക്ഷക്ക് ഈ അദ്ധ്യയന വർഷം മുതൽ എസ്.എസ്.എൽ.സി. യുടെ ചോദ്യപേപ്പർ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടുള്ള എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ടെക്നിക്കൽ സ്കൂൾ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാർക്കുള്ള സ്പെഷ്യൽ റൂൾ ഭേദഗതി</u>

1003 ശ്രീ.മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ സ്കൂൾ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാർക്കുള്ള സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാർക്ക് പോളിടെക്നിക്കിലെ സമാനതസ്തികകളിൽ പ്രമോഷൻ ലഭിക്കുന്നതിന് ബി.ടെക് ഫസ്റ്റ്ക്ളാസ്സ് നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്പെഷ്യൽ റൂളിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് സംഘടനകളോ വ്യക്തികളോ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ എല്ലാ അദ്ധ്യാപക തസ്തികകളിലും പ്രമോഷന് ബി.ടെക്കിന് 60% മാർക്ക് എന്ന് നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ചേർത്തല ഗവണ്മെന്റ് നോഡൽ പോളിടെക്നിക്</u>

1004 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഗവണ്മെന്റ് പോളിടെക്നിക്കിൽ പുതുതായി രണ്ട് ബ്രാഞ്ചുകൾ ആരംഭിക്കുമെന്ന് അറിയിച്ചിരുന്നതിന്റെ തുടർ പ്രവർത്തനങ്ങൾ എവിടെവരെയായി എന്നു വിശദമാക്കുമോ; പുതിയ ബ്രാഞ്ചുകൾ അടുത്ത അദ്ധ്യയനവർഷം മുതൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജില്ലയിലെ നോഡൽ പോളിടെക്നിക് ആയ ചേർത്തല ഗവണ്മെന്റ് പോളിടെക്നിക്കിൽ പുതുതായി അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള ബ്രാഞ്ചുകൾക്കുവേണ്ടി ജില്ലയിലെ മറ്റേതെങ്കിലും പോളിടെക്നിക് അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് പോളിടെക്നിക് സ്ഥാപിക്കുന്നതിന് നടപടി</u>

1005 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പ ആസ്ഥാനമായി പോളിടെക്നിക് സ്ഥാപിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പോളിടെക്നിക് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലായി എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ കെട്ടിടങ്ങളുടെ പണി

1006 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ വർഷങ്ങളായി നിർമ്മാണം നിർത്തിവച്ച കെട്ടിടങ്ങളുടെ പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ചെറുവത്തൂരിൽ ഗവ. പോളിടെക്നിക്ക്

1007 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറുവത്തൂർ ജൂനിയർ ടെക്നിക്കൽ സ്ക്കൂളിലെ സൗകര്യം ഉപയോഗിച്ച് അവിടെ ഗവ. പോളിടെക്നിക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കന്ററി, ഹയർ സെക്കന്ററി ലയനം</u>

1008 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററിയെ ഹയർ സെക്കന്ററിയുമായി ലയിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ ടീച്ചർ, ലാബ് ഇൻസ്ട്രക്ടർ , ലാബ്ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ ജോലി ഏത് രീതിയിൽ സംരക്ഷിക്കപ്പെടും എന്നറിയിക്കുമോ ;

(ബി) വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ പുതിയ സ്കൂളുകളിൽ അനുവദിക്കുന്നുണ്ടോ ;

(സി) ലാബ്ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വൊക്കേഷണൽ ഇൻസ്ട്രക്ടറായി പ്രൊമോഷൻ നൽകുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ലിസ്റ്റ് എന്നേക്ക് പ്രാബല്യത്തിൽവരും ;

(ഡി) ലാബ്ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് ടെക്നിക്കൽ ഡിപ്പാർട്ട്മെന്റിലെ ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് 2 ന്റെ ശമ്പളസ്കെയിൽ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇത് സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ നമ്പർ അറിയിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ഐ. ഐ. ടി. മലബാർ മേഖലയിൽ ആരംഭിക്കാൻ നടപടി</u>

1009 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അനുവദിച്ച ഐ.ഐ.ടി. എപ്പോഴാണ് തുടങ്ങുവാനുദ്ദേശിക്കുന്നത്;

(ബി) ഐ.ഐ.ടി.യ്ക്കുവേണ്ടി എവിടെയെങ്കിലും ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) മലബാർ മേഖലയിൽ ഐ.ഐ.ടി. തുടങ്ങാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സർക്കാർ - സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

1010 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്ര രൂപയുടെ മുതൽമുടക്ക് നടത്തിയെന്നും ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിനു കീഴിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും, ഭാവിയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ - സ്വാശ്രയ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം

1011 ശ്രീ. എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ.പുരുഷൻ കടലുണ്ടി
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസതലത്തിൽ നടപ്പാക്കിയ ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) യശ്പാൽകമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാർ നടപ്പാക്കിയ ഈ സമ്പ്രദായം നിർത്തലാക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ</u>

1012 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസ നിലവാരവും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഇപ്പോഴും ഉന്നത വിദ്യാഭ്യാസത്തിനായി ധാരാളം കുട്ടികൾ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തുനിന്ന് ഉന്നത വിദ്യാഭ്യാസത്തിനായി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണവും അയൽ സംസ്ഥാനത്തുനിന്ന് ഇവിടേയ്ക്ക് വരുന്ന കുട്ടികളുടെ എണ്ണവും താരതമ്യം ചെയ്യുമോ;

(ഡി) കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിലാണ് അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇ ഉന്നത വിദ്യാഭ്യാസത്തിന് നിലവിലുള്ള സീറ്റുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) അയൽ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും വിദ്യാഭ്യാസത്തിനായി കേരളത്തിലേക്ക് വിദ്യാർത്ഥികളെ വരുത്തുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണോയെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ

## 20.03.2012-ലെ മറുപടിക്ക്

(ജി) സംസ്ഥാനത്ത് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമായ കോഴ്സുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഒരു അന്താരാഷ്ട്ര കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിന് എല്ലാ തലത്തിലുമുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>അക്കാദമിക് സിറ്റി ആരംഭിക്കാൻ നടപടി</u>

1013 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ അക്കാദമിക് സിറ്റി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് കോഴിക്കോട് സർവ്വകലാശാലാപരിസരത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കോഴിക്കോട് സർവ്വകലാശാലയ്ക്ക് ആധുനിക രീതിയിലുള്ള പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുവാൻ സർക്കാരിൽ നിന്ന് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; ഇക്കാര്യത്തിൽ എത്രയും വേഗം അനുകൂലമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>തുഞ്ചത്ത് രാമാനുജൻ മലയാളം യൂണിവേഴ്സിറ്റി</u>

1014 ശ്രീ.വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ നാമധേയത്തിൽ മലയാളം യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി നീക്കിവെച്ച 100 ലക്ഷം രൂപയിൽ എത്ര തുക ഇതിനകം ചെലവഴിച്ചു?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലയിൽ സമരം ചെയ്ത ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി</u>

1015 ശ്രീ.പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ സമരം ചെയ്ത ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) അച്ചടക്ക നടപടിക്കുള്ള കാരണം വിശദമാക്കാമോ; സർവ്വകലാശാല കാമ്പസിൽ പ്രതിഷേധ പ്രകടനം നടത്താനുള്ള ജീവനക്കാരുടെ അവകാശം നിരോധിച്ചുകൊണ്ട് വൈസ്-ചാൻസലർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ഡി) ജീവനക്കാരുടെ വാഹനങ്ങൾ കാമ്പസിൽ കയറുന്നത് നിരോധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

(ഇ) വനിതകൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പേരിൽ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(എഫ്) വൈസ് ചാൻസലറുടെ അമിതാധികാര പ്രയോഗം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) മേൽ പ്രസ്താവിച്ച നടപടികളുടെ ഭാഗമായി സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം വന്നിട്ടു പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലയിൽ ചെയറുകൾക്കായി ഭൂമി അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

1016 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ വിവിധ ചെയറുകൾക്കായി എത്ര സെന്റ് ഭൂമി വീതം അനുവദിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) സി. എച്ച്. മുഹമ്മദ് കോയ ചെയറിനായി 10 ഏക്കർ ഭൂമി വിട്ടു നൽകാൻ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ മാനദണ്ഡങ്ങളും കീഴ്‌വഴക്കങ്ങളും വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലയിൽ സി.എച്ച്. ചെയറിന് ഭൂമി</u>

1017 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ സി.എച്ച്.ചെയറിന് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ സർവ്വകലാശാലാ സിൻഡിക്കേറ്റ് പരിഗണിക്കുകയുണ്ടായോ; എങ്കിൽ സിൻഡിക്കേറ്റ് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) സർവ്വകലാശാലയിൽ ഇത്തരത്തിലുള്ള എത്ര ചെയറുകൾ നിലവിലുണ്ട്; ഓരോന്നിന്റേയും പേര് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ചെയറുകൾക്ക് എത്ര സെന്റ് ഭൂമി വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം ചെയറുകൾക്ക് എത്ര സെന്റ് ഭൂമിവരെ നൽകാമെന്നാണ് സർവ്വകലാശാലാ ചട്ടം അനുശാസിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കേരളത്തിൽ അറബിക് സർവ്വകലാശാല</u>

1018 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വിദ്യാലയങ്ങളിലും കലാലയങ്ങളിലുമാണ് ഇപ്പോൾ അറബിക് പഠിപ്പിക്കുന്നത്; അവയുടെ പേരു വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ അറബിക് സർവ്വകലാശാല ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന യൂണിവേഴ്സിറ്റികളുടെ കോഴ്സുകൾ</u>

1019 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന യൂണിവേഴ്സിറ്റികളായ മധുരൈ കാമരാജ്, അണ്ണാമലൈ, മദ്രാസ് യൂണിവേഴ്സിറ്റികളുടെ ഹിന്ദി പി.ജി. ഹിന്ദി, കറസ്പോണ്ടൻസ് കോഴ്സുകൾ കേരളത്തിൽ ഏതെങ്കിലും യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുണ്ടോ; അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയത് കേരളത്തിലെ സർവകലാശാലകൾ നൽകുന്ന പി.ജി. കോഴ്സിനു തുല്യമാണോ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റികളുടെ പി.ജി. കോഴ്സുകൾ പി.എസ്.സി നിയമനത്തിന് അംഗീകരിച്ചതാണോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കണ്ണൂര്‍ സര്‍വ്വകലാശാല ബിടെക്ക് പരീക്ഷാഫലം</u>

1020 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ സര്‍വ്വകലാശാലയില്‍ ബിടെക്കിന്റെ സെമസ്റ്ററുകളിലെ ബിടെക്ക് പരീക്ഷാഫലം വൈകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അഞ്ചാം സെമസ്റ്റര്‍, എട്ടാം സെമസ്റ്റര്‍ പരീക്ഷാഫലങ്ങള്‍ വൈകി പ്രസിദ്ധീകരിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മറ്റു സര്‍വ്വകലാശാലകളില്‍ സപ്ലിമെന്ററി പരീക്ഷയ്ക്കു തീയതി പ്രഖ്യാപിച്ചിട്ടും കണ്ണൂര്‍ സര്‍വ്വകലാശാലയില്‍ പല സെമസ്റ്റര്‍ പരീക്ഷയുടെയും ഫലപ്രഖ്യാപനമാകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ ഗവൺമെന്റ് കോളേജ്</u>

1021 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയത് എന്നാണ്; കെട്ടിടം പണി ആരംഭിക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അദ്ധ്യയനവർഷത്തിൽ കോളേജിൽ പുതിയ ബാച്ച് ആരംഭിക്കുന്നതിനുമുമ്പ് കോളേജ് കെട്ടിടം പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അടുത്ത അദ്ധ്യായന വർഷത്തിനുമുമ്പ് കെട്ടിടം പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ തടസ്സം കൂടാതെ ക്ലാസ്സുകൾ നടത്താൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സയൻസ് ഡിഗ്രി കോഴ്സ് നടത്തുന്ന സർക്കാർ കോളേജുകളിലെ ലാബ് അസിസ്റ്റന്റ് തസ്തിക</u>

1022 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത സയൻസ് ഡിഗ്രി കോഴ്സ് നടത്തുന്ന എത്ര സർക്കാർ കോളേജുകളിൽ ലാബ് അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടില്ലായെന്ന് വ്യക്തമാക്കാമോ;

(ബി) ലാബ് അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം കോളേജുകളാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ കെമിസ്ട്രി ലാബ് അസിസ്റ്റന്റ് തസ്തിക എന്നത്തേക്ക് സൃഷ്ടിക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

പരിയാരം മെഡിക്കൽ കോളേജ് പ്രവേശനത്തിലെ ക്രമക്കേടുകൾ

1023 ശ്രീ. സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് പ്രവേശനത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഉന്നതതല സമിതി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പരിയാരം മെഡിക്കൽ കോളേജിൽ പി.ജി. പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരും കോളേജ് മാനേജ്മെന്റുമായി ധാരണാ പത്രം ഒപ്പ് വച്ചിരുന്നോ ; എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ;

(ഡി) സംസ്ഥാനത്തെ മറ്റേതെങ്കിലും സ്വാശ്രയ മെഡിക്കൽ കോളേജിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കോളേജ് ക്ലസ്റ്റര്‍ യൂണിവേഴ്സിറ്റി</u>

1024 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ.ഐ.ടി.യുടെ മാതൃകയില്‍ അക്കാദമിക് ഭരണ സ്വയംഭരണത്തോടെ കോളേജ് ക്ലസ്റ്റര്‍ യൂണിവേഴ്സിറ്റി രൂപീകരിക്കണമെന്ന യു.ജി.സി. ശുപാര്‍ശ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ശുപാര്‍ശ നടപ്പിലാക്കുന്ന കാര്യത്തില്‍ നിലപാട് വ്യക്തമാക്കുമോ;

(സി) യു.ജി.സി. ശുപാര്‍ശ നടപ്പിലാക്കുന്നതിനായി സംസ്ഥാനം നിയമനിര്‍മ്മാണം നടത്തേണ്ടതുണ്ടോ;

(ഡി) എങ്കില്‍ ഇക്കാര്യത്തില്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് കോഴ്സുകളുടെ പ്രവേശനത്തിന് മാനദണ്ഡങ്ങൾ</u>

1025 ശ്രീ. റ്റി. വി. രാജേഷ്
,, ആർ. രാജേഷ്
,, ബി. സത്യൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോഴ്സുകളുടെ പ്രവേശനത്തിന് മാനദണ്ഡങ്ങൾ ആയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആക്ഷേപങ്ങളോ പരാതികളോ ഉയർന്നിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയ്ക്ക് വരികയോ ഇത് സംബന്ധിച്ച് കോടതി പരാമർശങ്ങൾ ഉണ്ടാകുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ പ്രൊഫഷണൽ കോളേജ് മാനേജുമെന്റ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസനിലവാരം</u>

1026 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, എ. പ്രദീപ് കുമാർ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസനിലവാരം വിലയിരുത്തുകയുണ്ടായോ; എങ്കിൽ വിലയിരുത്തലുകൾ വിശദമാക്കുമോ;

(ബി) സർക്കാർ നിയോഗിച്ച രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ഇതു സംബന്ധമായ നിഗമനങ്ങൾ വിശദമാക്കുമോ;

(സി) കോളേജ് മാനേജ്മെന്റുകൾ വ്യവസ്ഥാപിതമായ സേവന-വേതന വ്യവസ്ഥകളിൽ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും കോളേജുകളിൽ നിയമിക്കുന്നില്ലെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ; എ.ഐ.സി.ടി.ഇ.യുടെ എന്തെല്ലാം വ്യവസ്ഥകളാണ് സ്വകാര്യ എൻജിനീയറിംഗ് കോളേജുകൾ പൊതുവിൽ പാലിക്കാതിരിക്കുന്നതെന്നു പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഏതെങ്കിലും സ്വാശ്രയകോളേജുകളിലെ പരീക്ഷയിൽ കോപ്പിയടി നടന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സുകളിലേക്ക് എൻട്രൻസ് പരീക്ഷ</u>

1027 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകളിലേക്ക് അഡ്മിഷനുവേണ്ടി നടത്തിവരുന്ന എൻട്രൻസ് പരീക്ഷാ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ഐ. എച്ച്. ആർ. ഡി. യിൽ അസിസ്റ്റന്റ് നിയമനം

1028 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി യിൽ അസിസ്റ്റന്റ് നിയമനത്തിനായി എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയതുപ്രകാരം റാങ്കു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എത്ര ഒഴിവിലേക്കാണ് നിയമന നടപടികൾ സ്വീകരിച്ചത്;

(സി) എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(ഡി) നിയമനം നൽകിയിട്ടില്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ;

(ഇ) നിലവിൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമനം എന്നത്തേക്കു നടക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ഐ. എച്ച്. ആർ. ഡി, എഞ്ചിനീയറിംഗ്/അപ്ലൈഡ് സയൻസ് കോളേജുകളിലെ ടെക്നിക്കൽ സ്റ്റാഫ് സേവനവേതനങ്ങൾ</u>

1029 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ.ഡി എഞ്ചിനീയറിംഗ് കോളേജുകളിലും അപ്ലൈഡ് സയൻസ് കോളേജുകളിലും ജോലി ചെയ്തുവരുന്ന സമാനതസ്തികകളിൽപ്പെട്ട ജീവനക്കാരുടെ സേവനവേതനങ്ങൾ തമ്മിലുള്ള വ്യത്യസ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) 19.10.2011 ലെ ഇ. എ1/8291/2006/എച്ച്. ആർ.ഡി ഉത്തരവ് പ്രകാരം ഗസ്റ്റ് അദ്ധ്യാപകർക്ക് നൽകിയ പുതുക്കിയ നിരക്കിലെ വേതനം 1.10.2011 മുതൽ ഐ. എച്ച. ആർ. ഡി. യുടെ തന്നെ പരിധിയിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ ടെക്നിക്കൽ തസ്തികയിൽ ജോലി ചെയ്യുന്നവർക്കും ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജിന് സ്വന്തം കെട്ടിടം</u>

1030 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജിന് കെട്ടിട നിർമ്മാണത്തിന് എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് എന്നും എപ്പോഴാണ് ഭരണാനുമതി നല്കിയതെന്നും അറിയിക്കുമോ;

(ബി) പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് എത്ര ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ളത്; ആയതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന് താമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പുതുക്കിയ ഭരണാനുമതിയോടെ കെട്ടിടനിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോളേജിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ പോലും റദ്ദായേക്കാവുന്ന സാഹചര്യത്തിൽ അടിയന്തിരമായി കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്ററുകൾ</u>

1031 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസ് അക്കാദമിയുടെ എത്ര സബ് സെന്ററുകൾ എവിടെയെല്ലാം ആരംഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) അപ്രകാരം അനുവദിച്ച എത്ര സബ് സെന്ററുകളിൽ ക്ലാസ്സുകൾ ആരംഭിച്ചുവെന്നും പ്രസ്തുത സെന്ററുകൾക്കായി എത്ര തുക അനുവദിച്ചെന്നും വിശദമാക്കുമോ;

(സി) പുതുതായി സബ് സെന്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുവെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിൽ 'സിവിൽ സർവ്വീസ് അക്കാദമി'</u>

1032 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ 'സിവിൽ സർവ്വീസ് അക്കാദമി' ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) ഇവിടെ എന്നുമുതൽ ക്ലാസ്സുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ സ്ഥാപനത്തിനായി ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിരുന്നുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

പ്രത്യേക നിയമസഭാസമിതി റിപ്പോർട്ട്

1033 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവിനെതിരായി ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) സമിതിയുടെ പ്രധാനനിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) സമിതിയുടെ നിഗമനങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ എന്തൊക്കെ നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണത്തിനു തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പുതുതായി അനുവദിച്ച ലോ കോളേജുകൾ</u>

1034 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ലോ കോളേജുകളാണ് സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നതെന്ന വിശദവിവരം ജില്ലതിരിച്ച് നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പുതുതായി എത്ര ലോ കോളേജുകൾക്കാണ് അനുവാദം നൽകിയത്;

(സി) പുതുതായി അനുവാദം നൽകിയ കോളേജുകൾ ഏതൊക്കെയാണെന്നും ഏതൊക്കെ കോഴ്സുകളാണ് നടത്തുകയെന്നും എത്ര സീറ്റുകൾ വീതമാണുള്ളതെന്നും എയ്ഡഡ്-സർക്കാർ-അൺഎയ്ഡഡ് മേഖല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ലോ കോളേജ്</u>

1035 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ലോ കോളേജ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലെന്ന് വിശദീകരിക്കുമോ;

(സി) ലോ കോളേജിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ മെഡിക്കൽ, എഞ്ചിനിയറിംഗ് കോളേജുകളിലെ പ്രവേശനം</u>

1036 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് സർക്കാർ മാനേജ്മെന്റ് അസോസിയേഷനുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിൽ ന്യൂനപക്ഷപദവി ഇല്ലാത്ത കോളേജുകൾക്ക് 2010-ലെ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി പുതിയ സംവരണം എന്തെങ്കിലും ഏർപ്പെടുത്തയിട്ടുണ്ടോ ;

(ബി) മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണ തത്ത്വം പാലിച്ചുകൊണ്ട് പൊതു അലോട്ട്മെന്റ് നടത്താവുന്ന സീറ്റുകളുടെ എണ്ണത്തിൽ ന്യൂനപക്ഷ പദവി ഇല്ലാത്ത കോളേജുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ പുതിയ സംവരണം മൂലം കുറവു വന്നിട്ടുണ്ടോ ;

(സി) ഇങ്ങനെ സംവരണം ഏർപ്പെടുത്തുകവഴി എസ്.സി., എസ്.ടി, ഈഴവ, മുസ്ലീം, ക്രസ്ത്യൻ എൽ.സി., പിന്നോക്ക ഹിന്ദി/ക്രസ്ത്യൻ, കുടുംബി എന്നീ സംവരണ വിഭാഗങ്ങൾക്കും ജനറൽ മെറിറ്റ് വിദ്യാർത്ഥികൾക്കും എത്ര സീറ്റുകളുടെ കുറവ് 2010-ലെ സംവരണ വ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വരുന്നുണ്ട് ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ മേഖലയിലെ ലോ കോളേജുകൾ തുടങ്ങിയതിനുള്ള മാനദണ്ഡങ്ങൾ</u>

1037 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ ലോ കോളേജുകൾ തുടങ്ങിയതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) പുതുതായി ഏതൊക്കെ സർവ്വകലാശാലകൾക്കു കീഴിലാണ് സ്വാശ്രയ ലോ കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

## സ്വാശ്രയ മെഡിക്കൽ പ്രവേശനം

1038 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് എത്ര മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനകാര്യത്തിൽ സർക്കാരുമായി കരാറിൽ ഏർപ്പെടാത്ത കോളേജുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരുമായി കരാറിൽ ഏർപ്പെടാത്ത മെഡിക്കൽ കോളേജിൽ പൊതുപ്രവേശന പരീക്ഷാ ലിസ്റ്റിൽനിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നുണ്ടോ;

(ഡി) സർക്കാരുമായി കരാറിൽ ഏർപ്പെട്ട മെഡിക്കൽ കോളേജുകളിലും കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത മെഡിക്കൽ കോളേജുകളിലും ഈടാക്കുന്ന ഫീസ് നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) അടുത്ത വർഷത്തെ പ്രവേശന കാര്യത്തിൽ മെഡിക്കൽ കോളേജുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ യു. ജി. സി. സ്കെയിൽ അനുസരിച്ച് പുന:ക്രമീകരിച്ച പെൻഷൻ

1039 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 ൽ വിരമിച്ച പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ യു. ജി. സി. സ്കെയിൽ അനുസരിച്ചുള്ള പെൻഷൻ പുനക്രമീകരണം നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പുന:ക്രമീകരിച്ച പെൻഷൻ എന്നു മുതൽ ലഭ്യമാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ</u>

1040

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വകാര്യ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ തുടങ്ങുന്നതിനും നിലവിലുള്ളവയിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>എയ്ഡഡ് കോളേജ് ജീവനക്കാർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി</u>

1041 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
'' പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജ് ജീവനക്കാരെ സമാശ്വാസ തൊഴിൽദാന പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എയ്ഡഡ് മേഖലയിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏതൊക്കെ സ്ഥാപനങ്ങളിൽ ഇപ്പോൾ ലഭിക്കുന്നുണ്ട്; എന്നുമുതലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയത് എന്ന് വിശദമാക്കുമോ;

(സി) എയ്ഡഡ് കോളേജ് ജീവനക്കാരെ എന്നുമുതലാണ് പ്രസ്തുത പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്;

(ഡി) സർക്കാർ മേഖലയിൽ ആശ്രിത നിയമനപദ്ധതി ഇപ്പോൾ നടപ്പാക്കുന്ന രീതിയിൽതന്നെയാണോ ഈ പദ്ധതി എയ്ഡഡ് കോളേജുകളിലും നടപ്പാക്കുന്നത് എന്ന് വിശദമാക്കുമോ; അല്ലെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം</u>

1042 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള യൂണിവേഴ്സിറ്റി 2010-ൽ പുറത്തിറക്കിയ റൂൾസ് & റെഗുലേഷൻസിൽ ഭാഷാ വിഷയങ്ങളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:50 ആക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അനുപാതം കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ 2012-13 അദ്ധ്യയന വർഷത്തിൽ തന്നെ ഇതു പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പാ പലിശ</u>

1043 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2009 നു മുൻപ് വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് 15 മുതൽ 17% വരെ പലിശ നൽകേണ്ടിവരുന്നതുമൂലം കൃത്യമായി തിരിച്ചടയ്ക്കാൻ കഴിയാതെ വിഷമാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2009-നു മുമ്പ് വിദ്യാഭ്യാസ വായ്പയെടുത്തവർക്കും പലിശയിളവു നൽകുകയോ, വിദ്യാഭ്യാസ വായ്പയുടെ പലിശ സംസ്ഥാന സർക്കാർ അടയ്ക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച് ഇവരെ സഹായിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ നൽകുന്നതിലെ നിയന്ത്രണം</u>

1044 ശ്രീ. എൻ. എ നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ.എൻ.എ ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെരിറ്റ് ക്വാട്ടയിൽ അഡ്ഡമിഷൻ ലഭിക്കുന്ന കുട്ടികൾക്കു മാത്രമായി വിദ്യാഭ്യാസ വായ്പ പരിമിതപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാതൃകാ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വാശ്രയ കോഴ്സുകളിൽ ചേരാൻ നിർബന്ധിതരാകുന്ന മിടുക്കരായ കുട്ടികളുടെ ഉന്നതപഠനത്തെ സാരമായി ബാധിക്കുന്ന ഈ നീക്കത്തിനെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഒരേ കോഴ്സിന് വ്യത്യസ്ത ഫീസ് നിരക്കുകൾ പ്രാബല്യത്തിലുള്ള സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഫീസ് നിരക്ക് കണക്കിലെടുത്തു മാത്രമേ വായ്പ അനുവദിക്കൂ എന്ന ബാങ്കുകളുടെ നിലപാട് മൂലമുള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തെ ദോഷകരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടുമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>യു. ജി. സി. യോഗ്യതയുള്ള അദ്ധ്യാപകരുടെ ശമ്പള വർദ്ധനവ്</u>

1045 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.1.1996-നും അതിനുശേഷവും സംസ്ഥാനത്തെ കോളേജുകളിൽ നിയമനം ലഭിച്ച യു. ജി. സി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് അടിസ്ഥാന ശമ്പളം ഉയർത്തി നൽകിയ ഉത്തരവ് ഏതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം അടിസ്ഥാന ശമ്പളം 2060 രൂപയിൽ നിന്നും 8000 രൂപയായി ഉയർത്തി ലഭിക്കേണ്ട കൊല്ലം പുനലൂർ ശ്രീനാരായണ കോളേജിലെ അദ്ധ്യാപകരായ ശ്രീ. ബൈജു എസ്., ശ്രീ. അനിൽകുമാർ എസ്. എന്നിവർക്കെതിരെ സർക്കാർ കേസ് നടത്താനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(സി) 231 പേരുടെ നിയമനത്തിന് ആധാരമായ ഉത്തരവ് ഇവർക്ക് ബാധകമല്ലാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസ് തീർപ്പാക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം

1046 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല കോളേജുകളിലും ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗസ്റ്റ് അദ്ധ്യാപകർക്ക് കൃത്യമായി ശമ്പളം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സർക്കാർ / എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ</u>

1047

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ / എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ / എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>സർക്കാർ കോളേജുകളിൽ മലയാളം ബിരുദബിരുദാനന്തര കോഴ്സുകൾ</u>

1048 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ കോളേജുകളിലാണ് മലയാളത്തിന് ബിരുദബിരുദാനന്തര കോഴ്സുകൾ പഠിക്കുവാൻ നിലവിൽ സാഹചര്യമുള്ളത്;

(ബി) പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിനുള്ള എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്;

(സി) അതനുസരിച്ച് എവിടെയെല്ലാം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്;

(ഡി) മറ്റ് പ്രൊപ്പോസലുകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഇ) 2012-13 അദ്ധ്യയനവർഷം എത്ര സർക്കാർ കോളേജുകളിൽ മലയാളം ബിരുദബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; ആയതിനുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

പട്ടാമ്പി ശ്രീ നീലകണ്ഠ സംസ്കൃത കോളേജ് സയൻസ് ബ്ലോക്ക് നിർമ്മാണം

1049 ശ്രീ.സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി ശ്രീ നീലകണ്ഠ സംസ്കൃത കോളേജിന് സയൻസ് ബ്ലോക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ ഭരണാനുമതി നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>ചാലക്കുടി പി.എം.ജി. കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി</u>

1050 ശ്രീ.ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പി.എം.ജി. കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് പുതുതായി അനുവദിക്കുക എന്നറിയിക്കാമോ;

(സി) കൊരട്ടി പോളിടെക്നിക്കിൽ പുതുതായി ഏതെങ്കിലും കോഴ്സുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് പുതുതായി അനുവദിക്കുക എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

എസ്.ഡി. കോളേജിൽ മലയാളം എം.എ. കോഴ്സ്
ആരംഭിക്കുന്നതിന് നടപടി

1051 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എസ്.ഡി കോളേജിൽ മലയാളം എം.എ. കോഴ്സ് ഇനിയും അനുവദിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1995-ൽ വിശ്വസാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ള അന്നത്തെ മുഖ്യമന്ത്രിയ്ക്ക് ഇതു സംബന്ധിച്ച് കത്തയച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എസ്.ഡി. കോളേജിൽ എം.എ. മലയാളം കോഴ്സ് ആരംഭിക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>മുതുവല്ലൂര്‍ കോളേജ് ഓഫ് അപ്ലൈഡ് സയന്‍സിലെ കോഴ്സുകള്‍</u>

1052 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ മുതുവല്ലൂര്‍ ഐ.എച്ച്.ആര്‍.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയന്‍സില്‍ കോഴിക്കോട് സര്‍വ്വകലാശാലയുടെ അംഗീകാരത്തോടെ ഏതെല്ലാം കോഴ്സുകള്‍ ആരംഭിച്ചിട്ടുണ്ട് ;

(ബി) പുതിയ ഏതെങ്കിലും കോഴ്സുകള്‍ക്ക് അനുമതി ലഭിച്ചിട്ടും തുടങ്ങാതിരിക്കുന്നുണ്ടോ ; എങ്കില്‍ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിനാവശ്യമായ കെട്ടിടം, ലൈബ്രറി, ആഡിറ്റോറിയം, ഗ്രൗണ്ട്, കുടിവെള്ള സൗകര്യം എന്നിവ ഏര്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ</u>

1053 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതിയതായി സയൻസ് ബ്ലോക്കും മറ്റ് സൗകര്യങ്ങളും നിലവിൽവരുന്ന സാഹചര്യത്തിൽ പുതിയതായി ഏതെല്ലാം കോഴ്സുകൾ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളത്; അവസാനമായി കോഴ്സുകൾ അനുവദിച്ചത് ഏത് വർഷമാണ്; ഏതൊക്കെ കോഴ്സുകളാണ് അന്ന് അനുവദിച്ചത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ വികസന പ്രവർത്തനങ്ങൾ

1054 ശ്രീ.എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ എത്ര തുക വകയിരുത്തിയിരുന്നു;

(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്; അതിൽ എത്ര തുക വീതം എന്തിനെല്ലാം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം നബാർഡിൽ നിന്നും എത്ര തുക ധനസഹായമായി ലഭ്യമാക്കി;വിശദാംശം നൽകാമോ; പ്രസ്തുത പ്രോജക്ട് നബാർഡ് അംഗീകരിച്ചുവോ; അതിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പദ്ധതി കാലയളവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കോളേജിൽ നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ;

(ഇ) 2011 ജൂൺ 1 മുതൽ 2012 ഫെബ്രുവരി 29 വരെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കോളേജിൽ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ഇ. കെ. നായനാർ മെമ്മോറിയർ ഗവ: കോളേജിന് ലഭിച്ച ഫണ്ട്</u>

1055 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എളേരിത്തട്ട് ഇ. കെ. നായനാർ മെമ്മോറിയർ ഗവൺമെന്റ് കോളേജിന് യു. ജി. സി. മുഖേന ലഭിച്ച ഫണ്ട് എപ്പോൾ ചെലവഴിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ഇ. കെ. നായനാർ മെമ്മോറിയൻ ഗവ: കോളേജിൽ ലൈബ്രറിയും ഓഡിറ്റോറിയവും

1056 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇ. കെ. നായനാർ മെമ്മോറിയർ ഗവൺമെന്റ് കോളേജിൽ മുൻ സർക്കാറിന്റെ കാലത്ത് ലൈബ്രറിയും ഓഡിറ്റോറിയവും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

<u>നെടുങ്കണ്ടത്ത് എന്‍.സി.സി.യുടെ ബറ്റാലിയന്‍ ആരംഭിക്കുന്ന നടപടി</u>

1057 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെടുങ്കണ്ടത്ത് എന്‍.സി.സി. യുടെ ബറ്റാലിയന്‍ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട അപ്രൂവല്‍ ഇന്‍ പ്രിന്‍സിപ്പിള്‍ നല്‍കണം എന്നാവശ്യപ്പെട്ട് എന്‍.സി.സി ഡയറക്ടറേറ്റില്‍ നിന്നും നിര്‍ദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കില്‍ ആയത് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കത്തിന്മേല്‍ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്‍കുമോ;

(സി) പ്രസ്തുത കത്തില്‍ ആവശ്യപ്പെട്ട പ്രകാരം അപ്രൂവല്‍ ഇന്‍ പ്രിന്‍സിപ്പിള്‍ നല്‍കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

ശിക്ഷാ വിശാരദ് കോഴ്സ് സംബന്ധിച്ച വിശദാംശം

1058

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ നായകനാലിൽ പ്രവർത്തിക്കുന്ന ഹിന്ദി പ്രചാർ വിദ്യാലയം എന്ന സ്ഥാപനം ഉത്തർപ്രദേശിലെ ഹിന്ദി സാഹിത്യ സമ്മേളൻ എന്ന യൂണിവേഴ്സിറ്റി നൽകുന്ന ശിക്ഷാ വിശാരദ് ബിരുദ കോഴ്സ് പഠിപ്പിക്കാൻ എൻ.സി.റ്റി.ഇ. അംഗീകാരമുള്ള സ്ഥാപനമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അംഗീകാരം നൽകിയിട്ടുള്ള സർക്കാർ ഉത്തരവിന്റെയും എൻ.സി.റ്റി. ഇ. ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന്റെ പ്രിൻസിപ്പലിന്റെ പേരും അഡ്രസ്സും നൽകാമോ;

(ബി) പ്രസ്തുത ശിക്ഷാ വിശാരദ് കോഴ്സ് നടത്തുന്നതിന് എൻ.സി.റ്റി.ഇ. അംഗീകാരമുള്ളതായി സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)28/10(G.Edn) തീയതി 9.2.2010 -ൽ പറഞ്ഞിരിക്കുന്ന കേരളത്തിലെ 3 കേന്ദ്രങ്ങളിൽ ഏതെങ്കിലുമായി പ്രസ്തുത സ്ഥാപനത്തിന് നിയമാനുസൃത അഫിലിയേഷൻ ഉണ്ടോ; ഉണ്ടെങ്കിൽ അത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) തൃശൂരിലുള്ള മേൽപ്പറഞ്ഞ സ്ഥാപനത്തിന് എൻ.സി.റ്റി. ഇ. അംഗീകാരമുള്ളതും ശിക്ഷാ വിശാരദ് കോഴ്സ് നടത്താൻ എൻ.സി.റ്റി.ഇ.യും സർക്കാരും അംഗീകാരം നൽകിയിട്ടുള്ളതുമായ ഉപകേന്ദ്രം കോഴിക്കോട് പ്രവർത്തിച്ചിരുന്നുവോ; എങ്കിൽ സ്ഥാപനം എവിടെയാണ് പ്രവർത്തിക്കുന്നത് എന്നും ഇപ്പോഴും പ്രവർത്തിച്ചിരുന്നത് എന്നും വ്യക്തമാക്കാമോ;

പ്രസ്തുത സ്ഥാപനത്തിന്റെ പേരും വിലാസവും ഫോൺ നമ്പരും ലഭ്യമാക്കാമോ;

# കേരള നിയമസഭ

## 20.03.2012-ലെ മറുപടിക്ക്

(ഡി) 2006-07, 2007-08 വര്‍ഷങ്ങളില്‍ തൃശൂരിലെ പ്രസ്തുത സ്ഥാപനത്തിലും അതിന്റെ കോഴിക്കോട്ടെ ഉപകേന്ദ്രത്തിലും ശിക്ഷാ വിശാരദ് കോഴ്സിന് പഠിച്ചിട്ടുള്ളവരുടെ പേരും മേല്‍വിലാസവും അഡ്മിഷന്‍ നമ്പരും വര്‍ഷം തിരിച്ച് നല്‍കാമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങള്‍ വിവരാവകാശ നിയമത്തിന്റെ പരിധിയില്‍ വരുന്നതാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ അംഗീകൃത കേന്ദ്രങ്ങളെ സംബന്ധിച്ച മുഖ്യവിവരാവകാശ ഓഫീസറുടെ പേരും ഔദ്യോഗിക മേല്‍വിലാസവും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

‘ശിക്ഷാ വിശാരദ്’ എന്ന ബിരുദത്തിന്റെ
അംഗീകാര വിശദാംശങ്ങൾ

1059 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘അലഹബാദിലെ ഹിന്ദി സാഹിത്യ സമ്മേളൻ’ എന്ന പേരിലുള്ള യൂണിവേഴ്സിറ്റി നൽകുന്ന ‘ശിക്ഷാ വിശാരദ് എന്ന ബിരുദം കേരളത്തിൽ യു. പി. സ്ക്കൂളിലും എയ്ഡഡ് ഹൈസ്ക്കൂളിലും ഹിന്ദി അദ്ധ്യാപക നിയമനത്തിന് ആൾട്ടർനേറ്റീവ് ക്വാളിഫിക്കേഷൻ (ബിഎഡിന് തത്തുല്യം) ആയി അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവ് നമ്പറും വിശദാംശവും വ്യക്തമാക്കാമോ ;

(ബി) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)28/10 G.Edn. തീയതി 09.02.2010 പ്രകാരം ‘ ഹിന്ദി, സാഹിത്യ സമ്മേളൻ’ നൽകുന്ന ‘ശിക്ഷാ വിശാരദ്’ ബിരുദം പഠിക്കുന്നതിന് എൻ.സി.റ്റി.ഇ. അംഗീകരിച്ച കേരളത്തിലെ 3 കേന്ദ്രങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത കേന്ദ്രങ്ങളുടെ പേര്, വിലാസം മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ ;

(സി) എൻ.സി.റ്റി.ഇ. അംഗീകാരമുള്ള പ്രസ്തുത 3 കേന്ദ്രങ്ങൾ അല്ലാതെ ഈ കേന്ദ്രങ്ങളുടെ ഉപകേന്ദ്രമായി കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ അത്തരം കേന്ദ്രങ്ങൾ ഏതെല്ലാമാണ്; എവിടെയാണ് സ്ഥിതി ചെയ്യുന്നത്, വിലാസം എന്നിവ വ്യക്തമാക്കാമോ ; ഇത്തരം ഉപകേന്ദ്രങ്ങൾക്ക് എൻ.സി.റ്റി.ഇ.യുടെ അംഗീകാരമുണ്ടോ എന്ന് വിശദമാക്കാമോ ; ഉപകേന്ദ്രങ്ങളിൽ ചേർന്ന് പഠിച്ച് കരസ്ഥമാക്കുന്ന ‘ശിക്ഷാ വിശാരദ്’ ബിരുദം എയ്ഡഡ്

ഹിന്ദി അദ്ധ്യാപക നിയമനത്തിന് അംഗീകാരമുള്ള യോഗ്യതയായി പരിഗണിക്കുമോ ;

# കേരള നിയമസഭ
## 20.03.2012-ലെ മറുപടിക്ക്

(ഡി) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 'ശിക്ഷാ വിശാരദ്' ബിരുദം യോഗ്യതയുമായി നിയമനാംഗീകാരത്തിന് വരുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് മുൻപ് 'ശിക്ഷാ വിശാരദ്' ബിരുദം എൻ.സി.റ്റി.ഇ. അംഗീകരിച്ച കേന്ദ്രത്തിൽ നിന്ന് തന്നെയാണോ നേടിയിട്ടുള്ളത് എന്ന് പരിശോധിക്കാറുണ്ടോ ; ഇതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിയമപരമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച് എൻ.സി.റ്റി.ഇ. അധികൃതരോട് അഭിപ്രായം തേടാറുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ബിരുദ സർട്ടിഫിക്കറ്റിന്റെ കുടെ പഠിച്ച വിദ്യാലയം വെളിവാകുന്ന അഡ്മിഷൻ കാർഡ്, ടി.സി. മുതലായ രേഖകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിക്കാറുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.03.2012-ലെ മറുപടിക്ക്

<u>ശിക്ഷാ വിശാരദ് കോഴ്സുകളുടെ അംഗീകാരം</u>

1060 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിന്ദി സാഹിത്യ സമ്മേളൻ (അലഹബാദ്) നടത്തുന്ന ശിക്ഷാ വിശാരദ് കോഴ്സുകളുടെ അംഗീകാരം സംസ്ഥാനത്ത് പിൻവലിച്ച ഉത്തരവ് പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ ഈ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?